**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5854** **16-03-2023 - ൽ മറുപടിയ്ക്ക്**

**പുഴുക്കലരി ക്ഷാമം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ റേഷൻ കടകളിൽ നിന്നും അടുത്ത കാലത്തായി വിതരണം ചെയ്യുന്ന അരി കൂടുതലും പച്ചരിയായതിന്റെ കാരണം വിശദമാക്കുമോ; | (എ) | മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി, ചില ജില്ലകളിലെ എഫ്.സി.ഐ ഡിപ്പോകളിൽ സംസ്ഥാനത്തിന്റെ ആവശ്യകതയ്ക്കനുസൃതമായി പുഴുക്കലരി ലഭ്യമല്ലാതിരുന്നതും ആവശ്യകതയേക്കാൾ കൂടുതൽ പച്ചരി ലഭ്യമായതുമായ സാഹചര്യത്തിലാണ്, കേരളത്തിലെ റേഷൻ കടകളിൽ നിന്നും അടുത്ത കാലത്തായി വിതരണം ചെയ്യുന്ന അരി കൂടുതലും പച്ചരിയായത്. |
| (ബി) | പുഴുക്കലരി ആവശ്യാനുസരണം വിതരണം ചെയ്യുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | 2022 ജൂൺ മാസം വരെ എഫ്.സി. ഐ.യിൽ നിന്നും 50 ശതമാനത്തിന് മുകളിൽ പുഴുക്കലരി ലഭ്യമായിരുന്ന സ്ഥാനത്ത് 2022 ജൂലൈ മുതലുള്ള മാസങ്ങളിൽ ചില ജില്ലകളിൽ പുഴുക്കലരി ആവശ്യകതയ്ക്കനുസൃതമായി ലഭിക്കാതെ പച്ചരി കൂടുതലായി ലഭ്യമായ സാഹചര്യത്തിൽ, അലോട്ട്മെന്റിന്റെ 50 ശതമാനം പുഴുക്കലരി ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിലേക്ക് കത്ത് നൽകിയിരുന്നു. തുടർന്ന് സംസ്ഥാനത്തിന്റെ ആവശ്യപ്രകാരം ആകെ അലോട്ട്മെന്റിന്റെ 50 ശതമാനം പുഴുക്കലരി ലഭ്യമാക്കുന്നതിന് എഫ്.സി.ഐ.യ്ക്ക് നിർദ്ദേശം നൽകിയതായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ